(ബി) നാളിതുവരെ സംസ്ഥാന സർക്കാർ വാടകയ്ക്ക് എടുത്ത ഹെലികോപ്ടർ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചത്; ഈ ആവശ്യങ്ങൾക്കുവേണ്ടി എത്ര മണിക്കൂർ ഹെലികോപ്ടർ ഉപയോഗിച്ചതെന്നും ആയതിന് എത്ര രൂപ ചെലവായെന്നും വ്യക്തമാക്കാമോ;

(സി) ഹെലികോപ്ടർ വാടകയ്ക്കെടുത്ത വകയിൽ സർക്കാരിനുണ്ടായ ആകെ ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ?

(എ-സി) വ്യോമ നിരീക്ഷണം, മാവോയിസ്റ്റുകളുടെ സഞ്ചാരപാത നിരീക്ഷണം, ആരോഗ്യ രക്ഷാപ്രവർത്തനം, സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങൾ, തീരദേശം, വനമേഖലകൾ, വിനോദ സഞ്ചാര-തീർത്ഥാടന മേഖലകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും അടിയന്തരഘട്ടങ്ങളിലെ പോലീസിന്റേയും വിശിഷ്ട വ്യക്തികളുടേയും യാത്രയ്ക്കുമാണ് ഹെലികോപ്റ്ററിന്റെ സേവനം നൽകിയിരുന്നത്. 105.3 മണിക്കൂർ ഹെലികോപ്ടർ ഉപയോഗിച്ചിരുന്നു. ആകെ 222,151,000 രൂപ ജി.എസ്.ടി. ഉൾപ്പെടെ ചെലവായിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നൽകിയ അപേക്ഷ

24 (24) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കണ്ണമംഗലം വെസ്റ്റ് എം.ഐ.എസ്.എം. യു.പി സ്കൂളിൽ അറബിക് അധ്യാപികയായി 51A ക്ലെയമെന്റ് ആയ ശ്രീമതി സലീന കക്കാട്ടുചാലിക്ക് നിയമനം നൽകണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ 2-6-2021-ന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ വ്യക്തിക്ക് അർഹതപ്പെട്ട ജോലി ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കണ്ണമംഗലം വെസ്റ്റ് എം.ഐ.എസ്.എം.യു.പി. സ്കൂളിൽ 28-7-2003 മുതൽ 4-11-2007 വരെ അറബിക് അധ്യാപികയായി ജോലി ചെയ്ത് അപ്രൂവൽ ലഭിക്കാത്ത ശ്രീമതി സലീന കക്കാട്ടുചാലി നിയമന അംഗീകാരം ആവശ്യപ്പെട്ട് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച അപേക്ഷയിന്മേൽ വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി സലീന കക്കാട്ടുചാലി കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 51 എ അവകാശിയാണെന്നും സ്കൂളിൽ തുടർന്നുണ്ടാകുന്ന അടുത്ത ഒഴിവിൽ ടിയാൾക്ക് നിയമനാംഗീകാരം നൽകണമെന്നും ബഹു. ഹൈക്കോടതി വിധിയുമുണ്ട്. വിധി നടപ്പാക്കുന്നതിന് മാനേജർക്ക് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിരുന്നുവെങ്കിലും ടിയാൻ കോടതി വിധി നടപ്പാക്കാൻ വിസമ്മതം കാണിക്കുന്നതിനാൽ മാനേജർക്കെതിരെ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 12-3-2021 ലെ എസ്.സി.3/285/2020/പൊ.വി.വ. കത്ത് പ്രകാരം വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

25 (25) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- 235 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.
- എല്ലാ വില്ലേജ് ഓഫീസുകളിലും ഔദ്യോഗിക വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ട്.
- എല്ലാ വില്ലേജ് ഓഫീസുകളിലേയും തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയിൽ ആക്ഷേപരഹിതമായ എല്ലാ തണ്ടപ്പേരുകളുടെയും ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്.
- ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.
- ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ ആരംഭിച്ചിട്ടുണ്ട്.
- സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ ആരംഭിച്ചിട്ടുണ്ട്.
- കുഞ്ചിത്തണ്ണി ജി.എച്ച്.എസ്.എസ്. ബൈസൺവാലി ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിലെ ലാബ് നവീകരണത്തിന്റെ ഉദ്ഘാടനം നടത്തി.
- ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിവാസൽ പഞ്ചായത്തിൽ 8.5 ലക്ഷം രൂപയുടെ പ്രവൃത്തികളടങ്ങുന്ന പദ്ധതി ഉദ്ഘാടനം ചെയ്തു.
- സുഭിക്ഷം സുരക്ഷിതം കേരളം എന്ന ലക്ഷ്യത്തോടെ വട്ടവടയിൽ ജൈവകൃഷി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly